**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2025** **12-09-2023 - ൽ മറുപടിയ്ക്ക്**

**കൊല്ലം കുരീപ്പുഴ ടർക്കി ഫാമിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം മണ്ഡലത്തിലെ കുരീപ്പുഴ ടർക്കി ഫാമിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br><br>കൊല്ലം മണ്ഡലത്തിലെ കുരീപ്പുഴ ടർക്കി ഫാമിൽ മുട്ട, ടർക്കിക്കുഞ്ഞുങ്ങൾ, ടർക്കി വളം, തീറ്റപ്പുൽ ഉല്പാദനം എന്നിവയുടെ പ്രതിമാസ ഉൽപ്പാദനം, വിപണനം എന്നിവ സംബന്ധിച്ച കൃത്യമായ റിപ്പോർട്ട് ഫാമിൽ നിന്നും ലഭ്യമാക്കി ഫാമിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (ബി) | ടർക്കി ഫാമിന്റെ അധീനതയിൽ എത്ര ഭൂമിയാണുള്ളത്; | (ബി) | ഫാമിന്റെ അധീനതയിൽ 3.6 ഏക്കർ ഭൂമിയാണുള്ളത്. |
| (സി) | ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ